പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1588 | 14/12/2012-ൽ മറുപടിയ്ക്ക്

എൻഡോസൾഫാൻ ഉപയോഗം

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരസ്ഷണവും<br>സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) എൻഡോസൾഫാൻ സ്റ്റോക്ക് മൊത്തം എത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; ഓരോ ജില്ലയിലും എത്ര വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ? | (എ) തിട്ടപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ്, പാലക്കാട് ജില്ലകളിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഗോഡൗണുകളിൽ 1942.30 ലിറ്റർ എൻഡോസൾഫാൻ സ്റ്റോക്കുണ്ട്.<br>കാസർഗോഡ്- 1638.30 Lr.<br>പാലക്കാട് - 304 Lr. |
| ബി) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലകളിൽ ഇപ്പോൾ എൻഡോസൾഫാൻ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) സംസ്ഥാനത്ത് ഒരു ജില്ലകളിലും ഇപ്പോൾ എൻഡോസൾഫാൻ ഉപയോഗിക്കുന്നില്ല. |
| സി)സ്റ്റോക്കുള്ള എൻഡോസൾഫാൻ നശിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെ എസ്റ്റേറ്റുകളിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിന് 2011, ജൂൺ മാസം ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. യോഗ തീരുമാന പ്രകാരവും സർക്കാരിൽ നിന്നും നിർദേശിച്ചതിന്റെയും അടിസ്ഥാനത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെ ഗോഡൗണിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിക്കുകയും അവ DRDO (Defence Reserch Development Organisation) ക്ക് കൈമാറുകയുമുണ്ടായി. സാമ്പിളിന്റെ പരിശോധനയിൽ PCK യുടെ ഗോഡൗണിലുള്ള എൻഡോസൾഫാൻ നിർവീര്യമാക്കുന്നതാണെന്ന് DRDO |

| | |
|---|---|
| | ശാസ്ത്രജ്ഞൻ അറിയിച്ചു. ആയതിനെ തുടർന്ന് പാലക്കാട് മണ്ണാർക്കാട് എസ്റ്റേറ്റിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആഗസ്റ്റ് 2011-ൽ നടത്തുകയുണ്ടായി. എന്നാൽ പൊതുജനങ്ങളും സംഘടനകളും നിർവീര്യമാക്കുന്നതിനെ എതിർത്തതിനെ തുടർന്ന് പ്രസ്തുത നീക്കം ഉപേക്ഷിക്കേണ്ടി വന്നു. ആയതിനെ തുടർന്ന് സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന് ഉന്നത ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചു ചേർക്കുകയും യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് HIL (Hindustan Insecticides Limited ) DRDO എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ PCK ഗോഡൗണുകളിലുള്ള സ്റ്റോക്ക് ഇന്റർനാഷണൽ സ്റ്റാൻഡേർഡിലുള്ള കണ്ടെയിനറുകളിലേക്ക് മാറ്റി സൂക്ഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ